# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ - 452

28.06.2011ലെ മറുപടിക്ക്

## സ്വതന്ത്ര സോഫ്റ്റ്‌വെയർ വ്യാപനം

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

ചോദ്യം: എ) സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ഉത്തരം: എ) നിലവിലുള്ള ഐ.ടി. പോളിസി പ്രകാരം സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന എല്ലാ ഐ.സി.ടി ഇ-ഗവേണൻസ് പ്രോജക്ടുകളിലും കഴിയുന്നത്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇ-ഗവേർണൻസ് പദ്ധതികളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന് പ്രാമുഖ്യം നൽകുന്നുണ്ട്. കൂടാതെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉത്പാദകർക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിശീലനത്തിനു വേണ്ടിയുള്ള രാജ്യത്തെ ആദ്യത്തെ സംരംഭമായ കാറ്റ് ഫോസ് (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ ഫ്രീ ആന്റ് ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ) കേരള സർക്കാരിന്റെ ഐ.ടി.വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ഐ.ടി.മിഷനും സി-ഡിറ്റും സഹകരിച്ച് പ്രവർത്തിക്കുകയും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളിൽ സോഫ്റ്റ്‌വെയർ ഉപയോഗം ഊർജിതപ്പെടുത്തുന്നതിലേക്കായി പ്രായോഗിക പരിജ്ഞാനം നൽകുന്ന പരിപാടി ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. സ്വതന്ത്ര

സോഫ്റ്റ്‌വെയറിന്റെ ഗവേഷണ പ്രവൃത്തിയെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി ഐ.സി.ഫോസ് (ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ) എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ വ്യാപനത്തിനായി സെമിനാറുകൾ, ചർച്ചകൾ, പരിശീലനം, ഫെലോഷിപ്പുകൾ, അവാർഡുകൾ തുടങ്ങിയ വിവിധ പദ്ധതികൾ ഐ.സി.ഫോസ് വിഭാവനം ചെയ്തിട്ടുണ്ട്.

ബി) സർക്കാർ ഓഫീസുകളിൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞതും ഭാവിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നതുമായ കമ്പ്യൂട്ടറുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടി ഉപയോഗിക്കണമെന്ന് നിർബന്ധിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ബി) സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടറുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടി ഉപയോഗിക്കുന്നതിനുള്ള പ്രായോഗികത പരിഗണിക്കുന്നതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ ഭാഗമായി സെക്രട്ടേറിയേറ്റിൽ ലിനക്സ് അടിസ്ഥാനമാക്കിയിട്ടുള്ള Ubuntu ഓപ്പറേറ്റിംഗ് സിസ്റ്റവും ഓപ്പൺ ഓഫീസ് ആപ്ലിക്കേഷൻ സ്യൂട്ടുകളും ഉപയോഗിക്കുന്നതിനോടൊപ്പം മലയാളം വേഡ് പ്രോസസ്സിംഗ് ചെയ്യുന്നതിനായി യൂണികോഡ് ഫോണ്ടുകൾ ഉപയോഗിക്കുന്നതും പ്രോത്സാഹിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ